# C.M.S.L.P.S
# KOTHAVIRUTHY

# ACADEMIC MASTER PLAN

2025-2026

# ആമുഖം.

പത്തനംതിട്ട ജില്ല കുറ്റൂർ പഞ്ചായത്തിൽ പടിഞ്ഞാറ്റോതറ എന്ന സ്ഥലത്തായി സി.എം.എസ്. എൽ.പി.എസ് കോതവിരുത്തി സ്ഥിതി ചെയ്യുന്നു. പാടങ്ങളാൽ ചുറ്റപ്പെട്ട ഈ സ്കൂൾ തികച്ചും ഗ്രാമീണാന്തരീക്ഷത്തിലാണ് പ്രവർത്തിക്കുന്നത്.

മിഷനറിമാർ കേരളത്തിൽ വന്ന് സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കാവസ്ഥയിലുള്ള ജനവിഭാഗങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി 1892-ൽ ഈ സ്കൂൾ സ്ഥാപിതമായി. അടിമസ്കൂളായി ആരംഭിച്ച ഈ സ്ഥാപനം ഓലമേഞ്ഞതും തറയിൽ ചാണകം മെഴുകിയിട്ടുള്ളതുമായിരുന്നു. ഈ പ്രദേശത്തെ ആദ്യസ്കൂൾ എന്ന നിലയിൽ എല്ലാ മതസ്ഥരും ആദ്യാക്ഷരം കുറിച്ചത് ഇവിടെ നിന്നാണ്. കാറ്റിലും മഴയിലും ഓലമേഞ്ഞ കെട്ടിടം നശിച്ചതിനെത്തുടർന്ന് സി.എം.എസ് മാനേജ്മെന്റും സ്ഥലവാസികളും ഒത്തു ചേർന്ന് 1904-ൽ പുതിയ സ്കൂൾ കെട്ടിടം പണിതുയർത്തി.

ആദ്യഘട്ടത്തിൽ 1 മുതൽ 3 വരെ ക്ലാസുകളും 1980 മുതൽ 4-ാം ക്ലാസും പ്രവർത്തനം ആരംഭിച്ചു.

കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന സി. എസ്. ഐ മാനേജ്മെന്റിന്റെ കീഴിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ശ്രീ റവറന്റ് സുമോദ് ചെറിയാൻ മാനേജർ ആയി നേതൃത്വം നൽകുന്നു. ഈ ദേശവാസികൾക്ക് ആദ്യാക്ഷരം പകർന്ന ഈ സ്കൂൾ അനേകം പ്രഗത്ഭരായ വ്യക്തികളെ വാർത്തെടുക്കുന്നതിനും മുഖാന്തിരമായി തീർന്നിട്ടുണ്ട്.

# സ്ഥിതിവിവരം

1. വിദ്യാലയത്തിന്റെ പേര്, വിലാസം: സി.എം.എസ്.എൽ.പി.എസ്
   കോതവിരുത്തി
   പടിഞ്ഞാറ്റോതറ (പി.ഒ)
   തിരുവല്ല, പത്തനംതിട്ട
   പിൻ - 689551
2. സ്കൂൾ കോഡ് : 37314
3. വിദ്യാഭ്യാസ ജില്ല : തിരുവല്ല
4. വിദ്യാഭ്യാസ ഉപജില്ല : പുല്ലാട്
5. റവന്യൂ ജില്ല : പത്തനംതിട്ട
6. ബി.ആർ.സി : പുല്ലാട്
7. സി.ആർ.സി : കുറ്റൂർ
8. ഗ്രാമപഞ്ചായത്ത് : കുറ്റൂർ
9. ബ്ലോക്ക് : പുളിക്കീഴ്
10. നിയമസഭാ മണ്ഡലം : തിരുവല്ല
11. ലോക്സഭാ മണ്ഡലം : പത്തനംതിട്ട
12. താലൂക്ക് : തിരുവല്ല
13. വില്ലേജ് : കുറ്റൂർ
14. ഇ-മെയിൽ : cmslps kothaviruthy@gmail.com

# വിദ്യാലയ പ്രൊഫൈൽ

ക്ലാസുകൾ - 1 മുതൽ 4 വരെ

അധ്യാപകർ

* ശ്രീമതി ഉഷ ജോൺ - ഹെഡ്മിസ്ട്രസ്
* അശ്വതി K - എൽ.പി.എസ്.ടി
* വിസ്മയ വിജയൻ - എൽ.പി.എസ്.ടി
* റീജ ജോൺ - പ്രീ-പ്രൈമറി

# പി.ടി.എ ഭാരവാഹികൾ

പി.ടി.എ പ്രസിഡന്റ് : ശ്രീമതി ആനിയമ്മ ശാമുവേൽ

വൈസ് പ്രസിഡന്റ് : ശ്രീ ഹരീഷ് നിബു

അംഗങ്ങൾ : ശ്രീമതി രഞ്ജിത
ശ്രീമതി അനിത
ശ്രീമതി അനിത V
ശ്രീ രാജേഷ്

എം.പി.ടി.എ : ശ്രീമതി ലിജി നരേന്ദ്രൻ

അംഗങ്ങൾ : ശ്രീമതി അമ്പിളി
ശ്രീമതി പ്രീതി

# ഭൗതിക സാഹചര്യം

* സ്കൂൾ കെട്ടിടം : 2 എണ്ണം
* ഓഫീസ് മുറി : 1 എണ്ണം
* ശുചി മുറി : 1 എണ്ണം
* മൂത്രപ്പുര : 2 എണ്ണം
* പാചകപ്പുര : 1 എണ്ണം

# നിലവിലെ അവസ്ഥാ വിശകലനം

## വിദ്യാലയത്തിന്റെ പരിമിതികൾ

ⓐ **അക്കാദമികം**

* അധ്യാപകരുടെ കുറവ്
* കമ്പ്യൂട്ടർ എണ്ണക്കുറവ്
* സ്മാർട്ട് ക്ലാസ്സും അഭാവം

ⓑ **ഭൗതികം**

* ക്ലാസ് മുറികളുടെ കുറവ്
* സ്കൂളിന് സ്വന്തമായുള്ള വാഹന സൗകര്യത്തിന്റെ അഭാവം

## പ്രതിസന്ധികൾ

* കുട്ടികളുടെ എണ്ണക്കുറവ്
* ഒന്ന്, രണ്ട് ക്ലാസുകളിലെ ഷിഫ്റ്റ് സമ്പ്രദായം

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പിക്കുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
5. ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
6. സയൻസ് ലാബ്, കമ്പ്യൂട്ടർലാബ് തുടങ്ങിയവ ആധുനികവൽക്കരിക്കും.
7. ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ SRG യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
8. 'വിദ്യാലയ പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയപരിസരങ്ങൾ മാറ്റും.
9. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
10. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

11. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിന ജല നിർമാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

12. ഹരിതസേന രൂപീകരിക്കൽ

13. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

## അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്ര ബോധന പരിപാടി
- വായന പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- പ്രതിഭാ പോഷണ പരിപാടി
- പഠന യാത്ര
- കലാ കായിക മേള
- IT പരിശീലനം
- അധ്യാപക ശാക്തീകരണ പരിപാടികൾ
- ക്ലാസ് P.T.I സജീവമാക്കൽ
- സ്കൂൾ പത്രം / മാസിക
- പ്രവൃത്തി പരിചയ പഠനം
- ഒന്നാം ക്ലാസ് ഒന്നാന്തരം
- SRG ശാക്തീകരണം
- ശാസ്ത്രാഭിരുചി വളർത്തൽ
- പച്ചക്കറിത്തോട്ടം
- രചനാ ശില്പശാല
- അഭിമുഖങ്ങൾ
- മെഡിക്കൽ ക്യാമ്പ്
- ബോധവത്കരണ പരിപാടി

- ഒറിഗാമി ശില്പശാല
- ഗണിതാന്തരീക്ഷമൊരുക്കൽ
- ടേം മൂല്യനിർണ്ണയം, നിരന്തരം വിലയിരുത്തൽ
- ദിനാചരണം
- കായിക പഠനം

ഭൗതികം

- ക്ലാസ് മുറികൾ
- ഓഫീസ് മുറി
- ലൈബ്രറി
- അടുക്കള
- കുടിവെള്ള വിതരണം
- ടോയ്‌ലറ്റ്
- ജന്മദിനത്തിനൊരു പുസ്തകം
- ചിത്രരചന
- എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം
- എന്റെ മരം
- ഭാഷോത്സവം
- ഗണിതോത്സവം

സാമൂഹികം

- P.T.A ശക്തിപ്പെടുത്തൽ
- SMC
- വിദ്യാലയ വികസന സമിതി
- പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
- ക്ലാസ് PTA മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ

→ വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ
→ വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനുകൂടി പ്രയോജനപ്പെടുത്തൽ
→ പ്രാദേശിക PTA
→ ഭവന സന്ദർശനം

## അക്കാദമികം

ഭാഷാ ശേഷി വികസനം

ലക്ഷ്യം : - എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക.

→ വായിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുക
→ സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ
→ വായന സാമഗ്രികളുടെ നിർമ്മാണം
→ ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക.

പ്രവർത്തനങ്ങൾ

→ അക്ഷരക്കൂട, പദക്കാർഡ്, വായനാകാർഡ് നിർമ്മാണം
→ കഥാ രചന, കവിത രചന, കുട്ടിക്കവിതകൾ, വരികൾ കൂട്ടി ച്ചേർക്കൽ മുതലായ പ്രവർത്തനങ്ങൾ,
→ കഥയരങ്ങ്, പാട്ടരങ്ങ്, നൃത്താവിഷ്കാരം, രചന ശില്പശാല എന്നിവ സംഘടിപ്പിക്കൽ
→ വായനാകാർഡുകൾ നിർമ്മിക്കുന്നു.
→ കുട്ടികളുടെ ഉൽപ്പന്നങ്ങൾ (സർഗ്ഗാത്മക ഡയറി, സംയുക്ത ഡയറി, സചിത്ര ബുക്ക്) അച്ചടിച്ച് പ്രസിദ്ധീകരിക്കൽ
→ പ്രാദേശിക ഗ്രന്ഥകാരനെ സ്കൂളിൽ എത്തിക്കൽ

കാലം → ജൂൺ - മാർച്ച്
ചുമതല - അദ്ധ്യാപകർ

പേര് : ഗ്രന്ഥശാല സന്ദർശനം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗ്രന്ഥശാലകൾ സമൂഹത്തിന്റെ വളർച്ചയ്ക്ക് സഹായിക്കുന്നു. | സ്കൂളിന് അടുത്തുള്ള ഗ്രാമീണ വായന സന്ദർശിക്കുകയും അതിലൂടെ ഗ്രന്ഥശാലകൾ സമൂഹത്തിന്റെ വളർച്ചയ്ക്ക് പ്രാധാന്യം വഹിക്കുന്നു എന്ന തിരിച്ചറിവ് കുട്ടികളിൽ വളർത്തുന്നതിന് | വർഷത്തിൽ 2 പ്രാവശ്യം | H.M | - |

പേര്: സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പ്രവൃത്തിപരിചയ വിദ്യാഭ്യാസം പരിപോഷിപ്പിക്കുക. | കളർ പേപ്പറുകൾ ഉപയോഗിച്ച് ഒറിഗാമി രൂപങ്ങൾ നിർമ്മിക്കുന്നു. | ആഴ്ചയിൽ 2 പ്രാവശ്യം | അധ്യാപകർ | 1000/- |

പേര് : കായിക പരിശീലനം
മേഖല: അക്കാദമികം / കായികവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കായികവിദ്യാഭ്യാസം കാര്യക്ഷമമാക്കൽ | ബാഡ്മിന്റൺ പരിശീലനത്തിലൂടെ കുട്ടികളുടെ കായികവിദ്യാഭ്യാസം മെച്ചപ്പെടുത്തുക | 1 വർഷം | അധ്യാപകർ PTA | 4000/- |

പേര് : സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാ വിദ്യാഭ്യാസം വളർത്തുന്നതിന്. | ആഴ്ചയിൽ ഒരിക്കൽ നടത്തുന്ന സർഗവേളകളിൽ കുട്ടികളുടെ പ്രാതിനിധ്യം ഉറപ്പാക്കുക. | ഒരു വർഷം | അധ്യാപകർ | — |